## ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ നടപടിത്തീർപ്പ്
(സാന്നിദ്ധ്യം : ഡോ. കെ എസ് പ്രിയ)

====================================================================

വിഷയം : ഭാരതീയ ചികിത്സാ വകുപ്പ്-എസ്റ്റാബ്ലിഷ്മെന്റ്-മെഡിക്കൽ ഓഫീസർ (ആയുർവേദ) തസ്തികയിലേക്ക് നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : (1) തിരുവനന്തപുരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 14.07.2025-ലെ RIF(2) 11200/2018/GW നമ്പർ നിയമന ശിപാർശ.

(2) ബഹു. ഹൈക്കോടതിയുടെ Con.Case(C) 416/2024 നമ്പർ കേസിന്മേലുള്ള 27.06.2025-ലെ ഉത്തരവ്.

ഉത്തരവ് നം. ഡി.ഐ.എസ്.എം/1473/2023-ഡി3 തിരുവനന്തപുരം തീയതി : 19-07-2025

മേൽ പരാമർശം (1) പ്രകാരം തിരുവനന്തപുരം കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും നിയമന ശിപാർശ ലഭിച്ച ചുവടെപ്പറയുന്ന ഉദ്യോഗാർത്ഥികളെ മെഡിക്കൽ ഓഫീസർ (ആയുർവേദ) തസ്തികയിൽ 55200-115300 ശമ്പള സ്കെയിലിൽ അവരവരുടെ പേരിന് നേരെ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനത്തിൽ നിയമിച്ച് ഉത്തരവാകുന്നു.

| Sl. No | Name & Address | Date of Birth | Qualification & Experience | Institution to which posted | Whether advised in OC/BC Turn |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (5) |
| 1. | SABIRA K R<br>BAITHUL BADHAR,<br>VIKKAPPU,<br>KARIPPODE<br>PALAKKAD - 678503 | 30-05-1984 | BAMS<br>Registration with TCMC (Ayurveda) | Govt. Ayurveda Dispensary, Puthunagaram, Palakkad | BC Turn |
| 2. | ANISHA S DAVID<br>PALLIVATHUKKAL HOUSE / SKFWA 115<br>ASSOCIATION ROAD<br>KADAVANTHRA P O<br>ERNAKULAM - 682020 | 31-12-1992 | BAMS<br>Registration with TCMC (Ayurveda) | Govt. Ayurveda Dispensary, Kumali, Idukki | BC Turn |
| 3. | SREEDEVI T S<br>THAYAVALLIYIL HOUSE<br>VATANAPPALLY<br>VADANAPPALLY<br>THRISSUR - 680614<br>Communication Address<br>THAYAVALLIYIL HOUSE<br>VADANAPPALLY<br>THRISSUR - 680614 | 30-05-1990 | BAMS<br>Registration with TCMC (Ayurveda) | Govt. Ayurveda Dispensary, Kannambra, Palakkad | OC Turn |
| 4. | FARSANA CHEMBAN<br>BADRIYA MANZIL HOUSE<br>PARAPPANANGADI,<br>PUTHARIKKAL<br>MALAPPURAM - 676303<br>Communication Address<br>CHANGAMPALLY<br>KIZHAKKILLATH VALAPPIL<br>THIRUNAVAYA<br>MALAPPURAM - 676301 | 05-07-1983 | BAMS<br>Registration with TCMC (Ayurveda) | Govt. Ayurveda Dispensary, Nedungottur, Palakkad | BC Turn |
| 5. | SHILPA O N<br>CHAITRAM<br>VALIPLAVILA<br>PAPPANAMCODE P O<br>THIRUVANANTHAPURAM - 695018 | 28-11-1992 | BAMS<br>Registration with TCMC (Ayurveda) | Govt. Ayurveda Dispensary, Kollengode, Palakkad | BC Turn |

| Sl. No | Name & Address | Date of Birth | Qualification & Experience | Institution to which posted | Whether advised in OC/BC Turn |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (5) |
| 6. | JINSA I<br>ERINGANTAVIDA<br>PANOOR<br>KANNUR - 670692 | 25-05-1988 | BAMS<br>Registration with TCMC (Ayurveda) | Govt. Ayurveda Dispensary, Payyavoor, Kannur | BC Turn |
| 7. | ARATHI S NAIR<br>XVII/115, CRA NO 86,<br>PADMA NIVAS<br>CHATHARI, TRIPUNITHURA,<br>KOCHI CITY<br>ERNAKULAM - 682301 | 02-06-1986 | BAMS<br>Registration with TCMC (Ayurveda) | Govt. Ayurveda Hospital, Teekoy, Kottayam | OC Turn |
| 8. | ASWATHI G<br>35/497, MULLASSERI (HOUSE)<br>VENGERI<br>VENGERI(P O)<br>KOZHIKODE - 673010 | 12-02-1990 | BAMS<br>Registration with TCMC (Ayurveda) | Govt. Ayurveda Dispensary, Poyiloor, Kannur | OC Turn |
| 9. | PRIYANKA K G<br>KANDAMKUMARATH<br>VALAPPIL<br>PERINGANNUR<br>PALAKKAD - 679535<br><u>Communication Address</u><br>MADHAVA MATOM, CVN KALARI<br>PAPPANAMCODE<br>TRIVANDRUM - 695018 | 17-01-1987 | BAMS<br>Registration with TCMC (Ayurveda) | Govt. Ayurveda Dispensary, Kottayi, Palakkad | OC Turn |
| 10. | VARSHA BABU<br>PUTHANVEEDU<br>ERAM<br>KARAMCODU<br>KOLLAM - 691579<br><u>Communication Address</u><br>PUTHANVEEDU<br>AERAM<br>KARAMCODU<br>KOLLAM - 691579 | 06-01-1992 | BAMS<br>Registration with TCMC (Ayurveda) | Govt. Ayurveda Dispensary, Mannur, Palakkad | OC Turn |
| 11. | VRINDA K<br>SREEVALSAM<br>MATHOOR<br>PATHANAMTHITTA - 689647 | 06-12-1992 | BAMS<br>Registration with TCMC (Ayurveda) | Govt. Ayurveda Dispensary, Pampavally, Pathanamthitta | OC Turn |
| 12. | NAYANA D<br>THATHAKULANGARA<br>KANICHUKULANGARA P O<br>ALAPPUZHA - 688544 | 08-05-1990 | BAMS<br>Registration with TCMC (Ayurveda) | Govt. Ayurveda Dispensary, Munnar, Idukki | BC Turn |

ഉദ്യോഗാർത്ഥികളുടെ നിയമന ശിപാർശ 1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പൊതു ചട്ടങ്ങളിലെ റൂൾ 3 (സി)-ക്കും, നിയമനം ചുവടെപ്പറയുന്ന വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

(1) 1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ പൊതു ചട്ടങ്ങളിലെ റൂൾ 9 a (1) പ്രകാരം ടി നിയമനം താത്ക്കാലികമാണ്. കൂടാതെ പരിശോധനയിൽ ഉദ്യോഗാർത്ഥികളുടെ സ്വഭാവവും, പൂർവ്വചരിത്രവും തൃപ്തികരമല്ലെന്ന് കണ്ടെത്തിയാൽ മറ്റൊരറിയിപ്പ് കൂടാതെ നിയമനം അവസാനിപ്പിക്കുന്നതാണ്. ഉദ്യോഗാർത്ഥികളുടെ സ്വഭാവവും, പൂർവചരിത്രവും തൃപ്തികരമാണെന്ന് കണ്ടെത്തിയാൽ മാത്രമേ നിയമങ്ങൾക്കനുസൃതമായി റഗുലർ സർവ്വീസിൽ നിയമനത്തിന് അർഹതയുള്ളൂ.

(2) ഈ തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പ് ഒരു കോമൺ സെലക്ടീവ് ലിസ്റ്റിൽ നിന്നായതിനാൽ ഒഴിവുകളുടെ അഭാവത്തിൽ സർവ്വീസിൽ നിന്നും പിരിച്ചുവിടുന്ന സാഹചര്യമുണ്ടായാൽ, അവർക്ക് നിയമന ശിപാർശ ലഭിച്ച പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസിൽ അവരുടെ പേര് വീണ്ടും രജിസ്റ്റർ ചെയ്യേണ്ടതാണ്. അല്ലെങ്കിൽ അവർ പിരിച്ചുവിടപ്പെട്ട തസ്തികയിൽ പ്രൊബേഷണർമാരായി തുടരാൻ ആഗ്രഹിക്കുന്നുവെങ്കിൽ വകുപ്പിൽ ടി തസ്തികയിലേക്കുള്ള പുനർനിയമനത്തിനായി ഒഴിവ് വരുന്നതുവരെ കാത്തിരിക്കാവുന്നതാണ് (Govt. Circular Memorandum No.3737/Rules-1/90/P&ARD dated 29.03.1990 & G.O.(P) No.7/91/P&ARD dated,15.02.1991).

(3) ഉദ്യോഗാർത്ഥികൾ ഈ ഉത്തരവ് ലഭിച്ച് 15 (പതിനഞ്ച്) ദിവസത്തിനകം വയസ്സ്, യോഗ്യത എന്നിവ തെളിയിക്കുന്ന ആധികാരിക രേഖകളുമായി ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർ (ഐ.എസ്.എം) മുമ്പാകെ ജോലിയിൽ പ്രവേശിക്കുന്നതിനായി ഹാജരാകേണ്ടതാണ്. അല്ലാത്തപക്ഷം മറ്റൊരറിയിപ്പ് കൂടാതെ ടി നിയമനം റദ്ദ് ചെയ്യുന്നതാണ്.

(4) ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കുന്ന അവസരത്തിൽ സിവിൽ സർജന്റെ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസറിൽ നിന്ന് കെ.എസ്.ആറിൽ നിർദ്ദേശിച്ച മാതൃകയിലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് വിരലടയാളവും ഉദ്യോഗാർത്ഥിയുടെ സാക്ഷ്യപ്പെടുത്തിയ ഫോട്ടോയും പതിപ്പിച്ച് ഹാജരാക്കേണ്ടതാണ്. കൂടാതെ ഗസറ്റഡ് ഓഫീസർമാർ നൽകിയ രണ്ട് സ്വഭാവ സർട്ടിഫിക്കറ്റുകളും ഹാജരാക്കേണ്ടതാണ്.

(5) സ്വഭാവവും പൂർവ്വചരിത്രവും പരിശോധിക്കുന്നതിനുള്ള (പോലീസ് വെരിഫിക്കേഷൻ) നിശ്ചിത മാതൃകയിലുള്ള പ്രൊഫോർമ, പേഴ്സണൽ മെമ്മോറാണ്ടം (2 പകർപ്പ്), സ്വത്ത് വിവരം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് എന്നിവ ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് കൃത്യമായി പൂരിപ്പിച്ച് ഹാജരാക്കേണ്ടതാണ്. കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നുള്ള വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷം ടി നിയമനം റഗുലറൈസ് ചെയ്യുന്നതാണ്.

(6) ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിച്ച് ഒരു മാസത്തിനകം പി.എസ്.സി. വൺ ടൈം രജിസ്ട്രേഷൻ പ്രൊഫൈലിൽ അവരുടെ ആധാർ നമ്പർ ലിങ്ക് ചെയ്യേണ്ടതാണ്.

(7) ഉദ്യോഗാർത്ഥികൾ മെഡിക്കൽ ഓഫീസർ (ആയുർവേദ) തസ്തികയിൽ തുടർച്ചയായി മൂന്ന് വർഷത്തിനുള്ളിൽ രണ്ട് വർഷത്തെ പ്രൊബേഷൻ കാലയളവ് പൂർത്തീകരിക്കേണ്ടതാണ്. കൂടാതെ നാഷണൽ പെൻഷൻ സ്കീമിന്റെ ഭാഗമായിരിക്കുന്നതും, ജോലിയിൽ പ്രവേശിച്ചാലുടൻ തന്നെ പെർമനന്റ് റിട്ടയർമെന്റ് അക്കൗണ്ട് നമ്പർ (PRAN) എൻറോൾ ചെയ്യേണ്ടതുമാണ്.

(8) ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ 14) വകുപ്പിൽ നിന്നുള്ള 14.03.2022-ലെ എ.ആർ 14(1)/6/2022/ഉ.ഭ.പ.വ നമ്പർ സർക്കുലറിലെ നിർദ്ദേശ പ്രകാരം കാസർഗോഡ്, ഇടുക്കി, വയനാട് ജില്ലകളിൽ നിയമിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് വകുപ്പിന്റെ വികസന പ്രവർത്തിയുടെ ഭാഗമായുള്ള വിവിധ പദ്ധതികളുടെ നിർവ്വഹണ ചുമതല നൽകുന്ന പക്ഷം, പ്രസ്തുത ഉദ്യോഗാർത്ഥികൾ ഓരോ പദ്ധതിയുടെയും ആവശ്യകതയെ അടിസ്ഥാനമാക്കി നിർണ്ണയിക്കുന്ന നിശ്ചിത കാലാവധിയിലേക്ക് ടി ജില്ലകളിൽ തുടരേണ്ടതാണ്.

ഉദ്യോഗാർത്ഥികളുടെ ഒറിജിനൽ വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് ഇതോടൊപ്പം അയക്കുന്നു. ജില്ലാ മെഡിക്കൽ ഓഫീസർമാർ ഉദ്യോഗാർത്ഥികളുടെ ഫോട്ടോയും, ഒപ്പും, സർട്ടിഫിക്കറ്റുകളും പരിശോധിച്ചുറപ്പുവരുത്തുകയും, ആയത് ഒറിജിനൽ വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിന്റെ ആദ്യ പേജിൽ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് ഉദ്യോഗാർത്ഥികൾ ഹാജരാക്കുന്ന നിയമന ശിപാർശയുടെ (ഹാർഡ് കോപ്പി/പ്രിന്റൗട്ട്) ആധികാരികത അതിലെ QR Code സ്കാൻ ചെയ്ത് ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ ക്രമ നം. 1, 4, 5, 6, 12 എന്നീ ഉദ്യോഗാർത്ഥികളുടെ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്, ക്രമ നം. 2 ഉദ്യോഗാർത്ഥിയുടെ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് എന്നിവയുടെ ഒറിജിനൽ ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

21.02.2005-ലെ G.O. (Rt) 504/05/H&FWD നമ്പർ ഉത്തരവിലുള്ള പൊതുസ്ഥലംമാറ്റത്തിലെ മാർഗ്ഗനിർദ്ദേശങ്ങളിൽ ഖണ്ഡിക 4-ൽ പരാമർശിക്കും പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർമാർ ഉദ്യോഗാർത്ഥികളിൽ നിന്നും ഹോം സ്റ്റേഷൻ സംബന്ധിച്ച് ഓപ്ഷൻ വാങ്ങേണ്ടതാണ്.

പരിശോധനക്കുശേഷം ഒറിജിനൽ വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ്, പേഴ്സണൽ മെമ്മോറാണ്ടം (2 പകർപ്പ്) എന്നിവ ഉദ്യോഗാർത്ഥികളുടെ പി.എസ്.സി. സർവ്വീസ് വെരിഫിക്കേഷനായും, സ്വഭാവവും പൂർവചരിത്രവും പരിശോധിക്കുന്നതിനുള്ള പ്രൊഫോർമ പോലീസ് വെരിഫിക്കേഷനായും ഉദ്യോഗാർത്ഥികൾ ഹാജരാക്കിയിട്ടുള്ള അനുബന്ധ രേഖകൾ സഹിതം ഈ കാര്യാലയത്തിലേക്ക് അയച്ചുതരേണ്ടതാണ്.

ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കുന്ന വിവരം ജില്ലാ മെഡിക്കൽ ഓഫീസർമാർ യഥാസമയം ഈ കാര്യാലയത്തിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഭാരതീയ ചികിത്സാ വകുപ്പ് തിരുവനന്തപുരം-1

ഡോ കെ എസ് പ്രിയ
PEN : 328059
ഡയറക്ടർ
ഭാരതീയ ചികിത്സാ വകുപ്പ്

(1) ബന്ധപ്പെട്ട ഉദ്യോഗാർത്ഥിക്ക് (Regd with A/D).
(2) അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം).
(3) ജില്ലാ മെഡിക്കൽ ഓഫീസർ, ഭാരതീയ ചികിത്സാ വകുപ്പ്, പത്തനംതിട്ട/കോട്ടയം/ഇടുക്കി/പാലക്കാട്/കണ്ണൂർ/. (ഒറിജിനൽ വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ്, ക്രമ നം. 2 ഉദ്യോഗാർത്ഥിയുടെ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവ സഹിതം).
(4) സി.എ. ടു ഡയറക്ടർ.
(5) ഫയൽ/കരുതൽ ഫയൽ.